**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 866** **24-02-2022 - ൽ മറുപടിയ്ക്ക്**

**സൗജന്യ വൃക്ഷത്തൈ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി സംസ്ഥാനത്തെ സംഘടനകൾക്ക് സർക്കാർ സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ഏതെല്ലാം സംഘടനകൾക്ക് എത്ര വീതം വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാന സർക്കാർ നേരിട്ട് ഏകദേശം എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | വനം വകുപ്പ് 2020-21 ൽ 57.37 ലക്ഷം വൃക്ഷത്തൈകളും 2021-22 -ൽ 43.08 ലക്ഷം വൃക്ഷത്തൈകളും ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരത്തിൽ സംഘടനകൾക്കും സർക്കാർ നേരിട്ടും വൃക്ഷത്തൈകൾ വിതരണം ചെയ്തയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | (സി) | 2020-21 -ൽ 691.92 ലക്ഷം രൂപ , 2021-22- ൽ 669.79 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട് |
| (ഡി) | സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ടോയെന്ന് സർക്കാർ ഏതെങ്കിലും തരത്തിൽ പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വ്യക്തികളിലും സ്ഥാപനങ്ങളിലും സംഘടനകളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാൻ വനം വകുപ്പ് സോഷ്യൽഫോറസ്ട്രി വിഭാഗം നിർദ്ദേശം നല്കികിയിട്ടുള്ളതും, ആയത് ടി വിഭാഗം പരിശോധനാവിധേയമാക്കി തുടർനിർദ്ദേശങ്ങൾ നല്കി വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## വിതരണം ചെയ്ത വൃക്ഷത്തൈകളുടെ വിശദാംശങ്ങൾ

| ക്രമ നം | സംഘടനകൾ | 2020- ൽ വിതരണം ചെയ്ത വൃക്ഷത്തൈകൾ | 2021- ൽ വിതരണം ചെയ്ത വൃക്ഷത്തൈകൾ |
|---|---|---|---|
| 1 | മതസംഘടനകൾ | 72266 | 110087 |
| 2 | യുവജനസംഘടനകൾ | 220901 | 237930 |
| 3 | മാധ്യമങ്ങൾ | 7450 | 4550 |
| 4 | എൻ.ജി.ഒ | 136429 | 344662 |
| 5 | കുടുംബശ്രീ | 7750 | 6500 |
| 6 | എൻ.സി.സി, എസ്.പി.സി, എൻ.എസ്.എസ് | 1075 | 25746 |